# PAPER-III
# MALAYALAM

**Signature and Name of Invigilator**

1. (Signature) ___________________________
   (Name) ______________________________
2. (Signature) ___________________________
   (Name) ______________________________

Roll No. | | | | | | | | |

(In figures as per admission card)

Roll No.___________________________________

(In words)

| J | 2 | 2 | 1 | 1 |
|---|---|---|---|---|

Time : 2 $^1/_2$ hours] [Maximum Marks : **200**

Number of Pages in this Booklet : **32** Number of Questions in this Booklet : **19**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. Answer to short answer/essay type questions are to be given in the space provided below each question or after the questions in the Test Booklet itself.

   **No Additional Sheets are to be used.**
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
4. Read instructions given inside carefully.
5. One page is attached for Rough Work at the end of the booklet before the Evaluation Sheet.
6. If you write your Name, Roll Number, Phone Number or put any mark on any part of the Answer Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means, you will render yourself liable to disqualification.
7. You have to return the test booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
8. **Use only Blue/Black Ball point pen.**
9. **Use of any calculator or log table etc., is prohibited.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. लघु प्रश्न तथा निबंध प्रकार के प्रश्नों के उत्तर, प्रत्येक प्रश्न के नीचे या प्रश्नों के बाद में दिये हुए रिक्त स्थान पर ही लिखिये ।

   **इसके लिए कोई अतिरिक्त कागज का उपयोग नहीं करना है ।**
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
4. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
5. उत्तर-पुस्तिका के अन्त में कच्चा काम (Rough Work) करने के लिए मूल्यांकन शीट से पहले एक पृष्ठ दिया हुआ है ।
6. यदि आप उत्तर-पुस्तिका पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
7. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और इसे परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें ।
8. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
9. **किसी भी प्रकार का संगणक (केलकुलेटर) या लॉग टेबल आदि का प्रयोग वर्जित है ।**

**MALAYALAM**

**മലയാളം**

**Paper–III**

**Note :** This paper is of **two hundred (200)** marks containing **four (4)** sections. Candidates are required to attempt the questions contained in these sections according to the detailed instructions given therein.

നാലു ഭാഗമായുള്ള ഈ പേപ്പറിന് **ഇരുന്നൂറു (200)** മാർക്ക് ഉണ്ട്. ഓരോ ഖണ്ഡത്തിലും നൽകിയിരിക്കുന്ന വിശദ നിർദ്ദേശങ്ങളനുസരിച്ച് ഉത്തരം എഴുതുക.

## SECTION – I

This section consists of two essay type questions of **twenty (20)** marks each, to be answered in about **five hundred (500)** words each. **(2 × 20 = 40 Marks)**

ഓരോ ചോദ്യത്തിനും **500** വാക്കിൽ കവിയാതെ ഉത്തരം എഴുതുക.

1. (a) 'കേരള സാഹിത്യ ചരിത്ര'ത്തെ മറ്റു മലയാള സാഹിത്യ ചരിത്രങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന സവിശേഷതകൾ എന്തെല്ലാം ?

**അല്ലെങ്കിൽ**

(b) സ്ത്രീവാദം, ദളിത്‌വാദം, ഹരിതവാദം എന്നിവ ഏകോപിപ്പിച്ചു ഉപയോഗിക്കാമോ ? മലയാള സാഹിത്യ മാതൃകകൾ മുൻനിറുത്തി ചർച്ച ചെയ്യുക.

2. (a) അനുവർത്തനം വെറും അനുകൃതിയല്ല; ക്രിയാത്മകമായ പുനർസൃഷ്ടിയാണ്. മലയാളത്തിലെ ശ്രദ്ധേയമായ തിരക്കഥകൾ മാതൃകയാക്കി വിശദീകരിക്കുക.

**അല്ലെങ്കിൽ**

(b) കാവ്യ വിവർത്തനങ്ങൾ മലയാള സാഹിത്യപരിണാമത്തിൽ വഹിച്ച പങ്ക് വിമർശനാത്മകമായി പരിശോധിക്കുക.

## SECTION – II

**Note :** This section contains **three (3)** questions from each of the electives/specializations. The candidate has to choose only **one** elective/specialization and answer all the **three** questions contained therein. Each question carries **fifteen (15)** marks and is to be answered in about **three hundred (300)** words. **(3 × 15 = 45 Marks)**

ഒരു ഐച്ഛിക വിഷയം (ഭാഷാശാസ്ത്രവും വ്യാകരണവും/സാഹിത്യ സിദ്ധാന്തങ്ങൾ / കേരള സംസ്കാരം) തിരഞ്ഞെടുത്ത് അതിൽ നിന്നു മാത്രം **3–5** വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ഉത്തരവും **300** വാക്കിൽ കവിയരുത്. ഓരോ ഉത്തരത്തിനും **പതിനഞ്ചു (15)** മാർക്ക് വീതം.

### ഐച്ഛികം – ഒന്ന്
### ഭാഷാശാസ്ത്രവും വ്യാകരണവും

3. ലാങ്-പരോൾ, അഗാധഘടന-ഉപരിഘടന : ഈ സങ്കല്പനങ്ങൾ പ്രജനക വ്യാകരണത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുക.

4. ക്രിയകൾക്കു കേരളപാണിനി നൽകിയിരിക്കുന്ന വർഗ്ഗീകരണം അവതരിപ്പിച്ചു പുതിയ പഠനങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുക.

5. പരസ്യങ്ങളിലെ ഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം ? മലയാള മാതൃകകൾ മുൻനിറുത്തി ചർച്ച ചെയ്യുക.

### ഐച്ഛികം – രണ്ട്
### സാഹിത്യ സിദ്ധാന്തങ്ങൾ

3. രീതി സിദ്ധാന്തം അവതരിപ്പിച്ചു സമകാലിക സാധ്യതകൾ പരിശോധിക്കുക.

4. മാർക്സിയൻ സാഹിത്യ സിദ്ധാന്തത്തിനുണ്ടായ പരിണാമം വ്യക്തമാക്കുക.

5. അപനിർമ്മാണം എന്ത് ? എങ്ങനെ ? മലയാള മാതൃകകൾ ഉപയോഗിച്ച് വിശദീകരിക്കുക.

### ഐച്ഛികം – മൂന്ന്
### കേരള സംസ്കാരം

3. മരുമക്കത്തായവും കേരള സമൂഹത്തിലെ സ്ത്രീകളുടെ പദവിയും എന്ന വിഷയത്തെക്കുറിച്ച് സമകാലിക പഠനങ്ങളുടെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

4. ഇന്നത്തെ മലയാളിയുടെ സ്വത്വരൂപീകരണത്തിൽ മാധ്യമ ശൃംഖലയുടെ പങ്ക് വിശദീകരിക്കുക.

5. ക്ഷേത്രകലകൾക്ക് അരങ്ങിലും പ്രയോഗത്തിലും ആസ്വാദനത്തിലുമുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുക.

## SECTION – III

**Note :** This section contains **nine (9)** questions of **ten (10)** marks, each to be answered in about **fifty (50)** words. **(9 × 10 = 90 Marks)**

ഓരോ ചോദ്യത്തിനും **50** വാക്കിൽ കവിയാതെ ഉത്തരം എഴുതുക. ഓരോ ഉത്തരത്തിനും **പത്ത് (10)** മാർക്ക് വീതം.

6. ദ്രാവിഡ ഗോത്രത്തെ ഇൻഡോ-യൂറോപ്യൻ ഗോത്രത്തിൽ നിന്നു വ്യത്യസ്തമാക്കുന്ന രണ്ടു സവിശേഷതകൾ എഴുതുക.

7. പഴഞ്ചൊല്ലിന്റെ ഘടന വിവരിക്കുക.

8. എഴുത്തച്ഛന്റെ കാവ്യഭാഷയുടെ വ്യതിരിക്തത എന്ത് ?

9. ആട്ടക്കഥകളിൽ പ്രണയത്തിന് ഇടം ലഭിച്ചിട്ടുണ്ടോ ?

10. മറ്റു വഞ്ചിപ്പാട്ടുകളിൽ നിന്നും കുചേലവൃത്തത്തെ വ്യത്യസ്തമാക്കുന്ന കാല്പനികാംശം എന്ത് ?

11. മലയാളം അച്ചടിക്കു ബഞ്ചമിൻ ബെയ്‌ലി നൽകിയ മൗലിക സംഭാവന എന്ത് ?

12. സമകാല കഥയിലെയും കവിതയിലെയും ഹാസ്യത്തിന്റെ പുതുമ എന്ത് ?

13. 'സാഹിത്യവിദ്യ' എന്നതുകൊണ്ട് മാരാര് എന്താണ് വിവക്ഷിക്കുന്നത് ?

14. ക്രൈം നാടകത്തിന്റെ അസംബന്ധ സ്വഭാവം വെളിവാക്കുക.

## SECTION – IV

**Note :** This section contains **five (5)** questions of **five (5)** marks each based on the following passage. Each question should be answered in about **thirty (30)** words.

**(5 × 5 = 25 Marks)**

താഴെ ചേർക്കുന്ന ഖണ്ഡം വായിച്ച് **15–19** ചോദ്യങ്ങൾക്ക് വിമർശനാത്മകമായി ഉത്തരം എഴുതുക. ഓരോ ഉത്തരവും **30** വാക്കിൽ കവിയരുത്. ഓരോ ഉത്തരത്തിനും **അഞ്ചു** (5) മാർക്കു വീതം.

അത്രയുമായപ്പോൾ കല എന്തിനുവേണ്ടി എന്ന ചോദ്യം ഉയർന്നുയർന്നുവന്നു. പ്രത്യേകിച്ചൊരഭിപ്രായഗതിക്കുവേണ്ടി പ്രചാരവേലചെയ്യാനുള്ളതാണോ സാഹിത്യകല എന്നുള്ള ഒരാത്മരക്ഷായുക്തിയുമായി അന്നത്തെ ശുദ്ധസാഹിത്യമീമാംസകന്മാർ പോരിന്നടുത്തു. ഒരു വസ്തുത ഇവിടെ പറഞ്ഞുവെയ്ക്കുവാനുണ്ട്. പൊന്നുതമ്പുരാക്കന്മാർ ജനിക്കുമ്പോഴും തിരുനാൾസദ്യയുണ്ണുമ്പോഴും തൃത്താലി ചാർത്തുമ്പോഴും നാടുനീങ്ങുമ്പോഴും അനുമോദനാനുശോചനശ്ലോകങ്ങൾ രചിക്കലും, അവരടക്കമുള്ള മഹാജനങ്ങളുടെ രസത്തിനുവേണ്ടി പൊതുസമ്മതി നേടിയിട്ടുള്ള ജീർണ്ണിച്ച വിശ്വാസങ്ങളും കഥകളുമെല്ലാം പിന്നെയും പിന്നെയും എഴുതിപ്പരത്തലും ഉണ്ടായിരുന്നില്ലേ, അതൊക്കെ നാണംകെട്ട പ്രചാര വേലയായിരുന്നു. ആ വക കൃതികളിൽ പ്രതിപാദിക്കപ്പെട്ടിരുന്നതൊന്നും തത്തൽകർത്താക്കളുടെ വ്യക്തിത്വത്തോട് ഉത്തരവാദപ്പെട്ടതായിരുന്നില്ല. അവരുടെ കല എന്തിനുവേണ്ടിയായിരുന്നു ? കുറച്ചൊക്കെ കലയ്ക്കു വേണ്ടി; അധികവും ആ കലയെ വാടകയ്ക്കെടുത്തവർക്കു വേണ്ടിയും. അങ്ങനെയൊക്കെ ആകാമായിരുന്നുവെങ്കിൽ എന്തുകൊണ്ടു മറിച്ചുമായിക്കൂടാ ? സാമൂഹ്യ ക്ഷേമദ്രോഹികളായ നടപടികൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരായി നിലകൊള്ളുന്ന സാഹിത്യകാരന്മാർ എന്തുചെയ്യണം ? തങ്ങളുടെ ആ വിരുദ്ധമനോഭാവം സ്വന്തം കൃതികളിൽ സമർത്ഥമായി പ്രതിപാദിക്കുകയല്ലാതെ അവരെന്തു ചെയ്യും ? അത്രയും ചെയ്യുമ്പോഴേയ്ക്കും പ്രതികക്ഷികൾ പഴിക്കുകയായി. അവർ കലയെ പ്രചാരവേലയ്ക്കുഴിഞ്ഞിട്ടിരിക്കുന്നുവെന്നത് സത്യമാണ്, അവർ തങ്ങളുടെ കലയെ തങ്ങളുടേതായുള്ള വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും വേണ്ടി പ്രചാരവേല ചെയ്യാൻ ഉഴിഞ്ഞിട്ടിരിക്കുക തന്നെയാണ്. ഒരു സമാധാനമുണ്ട് : അവരുടെ കൃതികൾ പരാന്നഭുക്കുകളായ ഏതാനും പേരുടെ പ്രശസ്തിക്കോ അഭിപ്രായങ്ങൾക്കോ വേണ്ടിയല്ല പ്രചാരവേല ചെയ്യുന്നത്. ഏതെഴുത്തുകാരനും ചെയ്യുന്നത്, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, പ്രചാരവേലയാണ്. എത്രത്തോളം അയാളുടെ കൃതി കലാവിശിഷ്ടമായിരിക്കുന്നുവോ, അത്രത്തോളം അതിലെ പ്രചാരവേല ഫലവത്തായിരിക്കുമെന്നുമാത്രം. എണ്ണപ്പെട്ട എഴുത്തുകാർ

സ്വാഭിപ്രായങ്ങൾക്കു വേണ്ടിയെ എഴുതാവു - പുതിയ പുതിയ അഭിപ്രായങ്ങൾക്കുവേണ്ടി, ആ അഭിപ്രായങ്ങളാകട്ടെ, മനുഷ്യരാശിയുടെ ഭാസുരതരമായ ഭാവിയെ ഉന്നം വെച്ചുള്ളവയായിരിക്കുകയും വേണം.

തന്റെയും തന്റെ വർഗ്ഗത്തിന്റെയും അഭിവൃദ്ധിക്കുതകുംവണ്ണം സ്വപ്രതിഭാനുപാതികമായി കൈവരുത്തിപ്പോന്നിട്ടുള്ള പുതു സാംസ്കാരിക മൂല്യങ്ങളെ അന്യരിലേക്ക്, അവരുടെ ബുദ്ധിയുടേതിലുമധികം ഹൃദയത്തിന്റെ സമ്മതിയോടുകൂടി, പകർന്നുകൊടുക്കുവാൻ സാമൂഹ്യജീവിയായ മനുഷ്യൻ കാലേ കണ്ടുപിടിച്ചിട്ടുള്ള സവിശേഷ വിദ്യകളിൽ മികച്ചതാണല്ലോ സാഹിത്യകല. കലയ്ക്കു പരമാവധി ധർമ്മാധർമ്മ വിവേചകത്വം വേണ-മെന്നുള്ളതിന്റെ പേരിൽ അധിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്നിരുന്നാലും സ്ഥായിഭാവങ്ങളിലൂടെ-യുള്ള സംസ്കാരസംക്രമണോപായമാണ് കല എന്നു ടോൾസ്റ്റോയി വാദിച്ചിട്ടുള്ളതു പരക്കെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്; അതിവിടെ അനുസ്മരണീയമാണുതാനും. സാങ്കേതികത്വത്തിൽനിന്നും കൂടുതൽ വിമുക്തമാക്കി ആവിഷ്കരണോപാധികളെ യാഥാർത്ഥ്യത്തോടടുപ്പിക്കുകയും ചക്ഷുശ്രവണാദീന്ദ്രിയങ്ങളെക്കൂടി ആസ്വാദനോപായ-ങ്ങളാക്കിത്തീർക്കുകയും ചെയ്യുന്ന ദൃശ്യകലകൾ സാഹിത്യത്തിൽത്തന്നെയും ഒരുപടി ഉയർന്നു നില്ക്കും. കലയുടെ ഈ സ്വഭാവ വിവരണത്തിൽ നിന്ന് അതിന്റെ പ്രയോജനം, അഥവാ അതെന്തിനുള്ളതാണെന്നു സ്പഷ്ടം. 'കല കലയ്ക്കുവേണ്ടി', അതല്ല 'കലാകാരനുവേണ്ടി', അതുമല്ല 'ആനന്ദാനുഭൂതിക്കുവേണ്ടി' എന്നൊക്കെ പറയാറുള്ളത്, വാസ്തവത്തിൽ കല എന്തിനു വേണ്ടിയാണോ, അതിനെ അറിഞ്ഞോ അറിയാതെയോ അവഗണിച്ചുകൊണ്ടാണ്. സാധിക്കേണ്ടതു സാധിക്കുമ്പോൾ അതോടൊന്നിച്ചാണ് കല കലയാകുന്നത്. കലാകാരൻ കലാകാരനാകുന്നത്. കലയിൽ നിന്ന് ആനന്ദാനുഭൂതിയുണ്ടാകുന്നതും ഈ ഒടുവിൽ പറഞ്ഞതൊന്നും കലയുടെ ലക്ഷ്യമല്ല, ലക്ഷ്യപ്രാപ്തിയുടെ തെളിവും ഫലവുമാണ്.

ഉയരേണ്ടവരെയെല്ലാം ഉയർത്താൻ യഥാശക്തി അദ്ധ്വാനിക്കുന്ന സാഹിത്യകാരന്, താനുൾപ്പെടെയുള്ള ജനതയുടെ അഭ്യുദയത്തെ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിശ്വാസങ്ങളോടും നടപടികളോടും അവയുടെ രക്ഷാധികാരിത്വം വഹിക്കുന്ന സംഘടനകളോടും വ്യക്തികളോടും വിട്ടുവീഴ്ചയില്ലാതെ എതിർക്കേണ്ടിവരും. ഓരോ പരിവർത്തനത്തിലുംവെച്ച് അപ്രകാരമുള്ള സാഹിത്യകാരൻ പൂർവാധികം ബഹുജനപക്ഷത്തിലേക്ക് അടുക്കും. എന്തുകൊണ്ടെന്നാൽ അയാളുൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമവാദികളുടെ ശ്രമത്താൽ ഉണ്ടായിത്തീരുന്ന ഓരോ പരിവർത്തനവും ജനതയെ പടിപടിയായി ഉയർത്തി അയാളിലേക്ക് അടുപ്പിക്കും. അപ്പോൾ സാഹിത്യകാരൻ ശാസ്ത്രജ്ഞനെപ്പോലെ തന്നെ, സാംസ്കാരിക വിപ്ലവത്തിന്റെ ജനയിതാവാണ്. നൂതനമായ സാംസ്കാരിക പ്രവണതകൾ സാമൂഹ്യ ജീവിതത്തിൽ ഉളവാക്കാൻ സാധിക്കാത്ത സാഹിത്യകാരൻ സാഹിത്യകാരനല്ല. ഈ വസ്തുതയെ ഉള്ളിൽ വെച്ചുകൊണ്ടായിരിക്കണം, ആന്ദ്രേ ജീദ് ഉത്തമ സാഹിത്യകൃതികളെ പരമാവധി അളക്കുന്നത് അവയുടെ വിപ്ലവ പ്രേരകത്വം കൊണ്ടായിരിക്കണം എന്നഭിപ്രായപ്പെട്ടിട്ടുള്ളത്.

മലയാളത്തിൽ റിയലിസവുമായെത്തി, മിക്കവാറും ആഖ്യാനവൈചിത്ര-വാദികളായിരുന്ന പഴമക്കാരുമായി തെറ്റിപ്പിരിഞ്ഞ യുവസാഹിത്യകാരന്മാർ മേല്പറഞ്ഞവിധത്തിലുള്ള സാമൂഹ്യ പരിവർത്തനത്തിനു കൂടിയെ കഴിയു എന്നു ബോധ്യപ്പെട്ടു പുതിയ ചിന്താഗതികൾക്കുവേണ്ടി സംഘടിതമായി സ്വരമുയർത്താൻ ഒരുമ്പെട്ടു. സാഹിത്യവുമായി യാതൊരു ബന്ധവുമില്ലാത്ത കുറെപ്പേർ ആവശ്യപ്പെടുകയോ നിർബ്ബന്ധിക്കുകയോ ചെയ്തിട്ടൊന്നുമല്ല അവർ ആ തീരുമാനത്തിലെത്തിയത്. അവരിലധികം പേരും ഉയരാൻ സമ്മതിക്കപ്പെടാതെ കിടന്ന ജനവിഭാഗത്തിൽനിന്നു പൊന്തിവന്നവരാകയാൽ ബൂർഷ്വാ സംസ്കാരത്തോടെതിർക്കാനും ബഹുജനാവകാശങ്ങൾക്കുവേണ്ടി പൊരുതാനും അവർക്കുണ്ടായ പ്രേരണ സഹജമായിരുന്നു. എന്നുവെച്ചാൽ സ്വാനുഭവവും പരിതഃസ്ഥിതിയുമാണ് അവരെ അതിനു പഠിപ്പിച്ചതെന്നു ചുരുക്കം. ആ മനോഭാവത്തോടുകൂടി അവർ കുറെയേറെ പറയുകയും എഴുതുകയും ചെയ്യേണ്ട താമസമേ വേണ്ടിവന്നുള്ളൂ, അവരുടെ ചിന്താഗതികൾക്കു പൂർവന്മാരുടേതിൽ നിന്നുള്ള അകലം നോട്ടക്കാർക്കൊക്കെ കാണത്തക്കവണ്ണം വെളിവായി. എത്ര പേരേടും വെച്ചു ജീവിതത്തെ വ്യക്തികൾക്കിഷ്ടം പോലെ ഒരു വ്യവസായ-

മാക്കിത്തീർത്തു 'ബാലൻസ്ഷീറ്റ്' പരലോകത്തിൽ ഈശ്വരസമക്ഷം ഹാജരാക്കി തൃക്കൈവിളയാടിച്ചാൽ മതിയെന്നുള്ള സിദ്ധാന്തത്തിന്റെ സ്ഥാനത്ത് ഒരൊറ്റപ്പേരേടിൽത്തന്നെ ജീവിതത്തെ സാമൂഹ്യ ക്ഷേമാനുരോധമായി നിർവഹിച്ചു 'ബാലൻസ്ഷീറ്റ്' അതാതു കാലത്ത് ഇഹലോകത്തിലെ ജനറൽ ബോഡിക്കു സമർപ്പിച്ചു കുറ്റം തീർത്തു പാസ്സാക്കി വാങ്ങണം എന്ന സിദ്ധാന്തം സുപ്രതിഷ്ഠിതമായി. തത്ത്വജ്ഞന്റെ ഐഡിയലിസത്തിനെന്നതിലുമധികം ശാസ്ത്രജ്ഞന്റെ റിയലിസത്തിനു ജനങ്ങളുടെ മേൽക്കോയ്മ കിട്ടി എന്നു സാരം. (ശാസ്ത്രജ്ഞന്റെ റിയലിസമെന്നു കേൾക്കുമ്പോൾ ജീവിതത്തെയും അതിന്റെ പശ്ചാത്തലത്തെയും കണ്ടപടി ചിത്രീകരിക്കുന്നതായി പറഞ്ഞിട്ടുള്ള റിയലിസമായി തെറ്റിദ്ധരിച്ചു പോകരുത്.) വസ്തു രഹസ്യങ്ങളെ യുക്തി സമ്മതമാക്കി നിർദ്ധാരണം ചെയ്യുന്ന ശാസ്ത്രത്തിന്റെ റിയലിസമില്ലേ, അതൊന്നു വേറെയാണ്.

[മുണ്ടശ്ശേരി]

15. എഴുത്തുകാരനും ചെയ്യുന്നത് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പ്രചാര വേലയാണ് - യോജിക്കുന്നുവോ ?

16. ദൃശ്യ കലകൾ സാഹിത്യത്തെക്കാൾ ഒരുപടി കൂടി ഉയർന്നു നില്ക്കുന്നു എന്ന വാദം ഏതർത്ഥത്തിലാണ് ശരിയാകുന്നത് ?

17. സാഹിത്യകാരൻ ശാസ്ത്രജ്ഞനെപ്പോലെ തന്നെ സാംസ്കാരിക വിപ്ലവത്തിന്റെ ജനയിതാവാണ്. – എങ്ങനെ ?

18. സാധിക്കേണ്ടത് സാധിക്കുമ്പോൾ അതോടൊന്നിച്ചാണ് കല കലയാകുന്നത്, കലാകാരൻ കലാകാരനാകുന്നത് – വ്യക്തമാക്കുക.

19. തത്ത്വജ്ഞന്റെ ഐഡിയലിസത്തിനെന്നതിലധികം ശാസ്ത്രജ്ഞന്റെ റിയലിസത്തിന് ജനത്തിനു മേൽക്കോയ്മ കിട്ടുന്നതെപ്പോൾ ?

**Space For Rough Work**

| FOR OFFICE USE ONLY | |
|---|---|
| Marks Obtained | |
| Question Number | Marks Obtained |
| 1 | |
| 2 | |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |
| 10 | |
| 11 | |
| 12 | |
| 13 | |
| 14 | |
| 15 | |
| 16 | |
| 17 | |
| 18 | |
| 19 | |

Total Marks Obtained (in words) ..........................................

(in figures) ........................................

Signature & Name of the Coordinator ..................................

(Evaluation) Date .........................